'ഭരണഭാഷ- മാതൃഭാഷ'

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മണർകാട് ഗ്രാമപഞ്ചായത്ത് ക്ലാർക്കായിരുന്ന ശ്രീ. സാംകുട്ടി സി. ലാസിനെ സേവനത്തിൽ പുനഃപ്രവേശിപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2158/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 01/10/2019

---

പരാമർശം:- 1 ബഹു. കോട്ടയം ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി 3-ന്റെ 30.04.2014-ലെ സി.സി.133/2011 നമ്പർ ഉത്തരവ്

2 കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.03.2015-ലെ എവിഎസ്.1.2704/11 നമ്പർ നടപടിക്രമങ്ങൾ

3 പഞ്ചായത്ത് ഡയറക്ടറുടെ 04.05.2015-ലെ ഡി5-35342/14 നമ്പർ കത്ത്

4 സർക്കാരിന്റെ 27.10.2015-ലെ 608/ഇപിബി2/2015/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. സാംകുട്ടി സി. ലാസ് സമർപ്പിച്ച 14.12.2015-ലെ പ്രതിവാദ പത്രിക

6 പഞ്ചായത്ത് ഡയറക്ടറുടെ 04.10.2018-ലെ ഡി5-35342/2014 നമ്പർ കത്ത്

**ഉത്തരവ്**

മണർകാട് ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായി സേവനത്തിലിരിക്കവെ ശ്രീ. സാംകുട്ടി സി. ലാസ് നികുതി പിരിവിലൂടെ ലഭിച്ച 11,837/- പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാതെ അപഹരണം നടത്തിയത് സംബന്ധിച്ച് മണർകാട് പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം 157/11 U/s 409 IPC പ്രകാരം അന്വേഷണം പൂർത്തിയാക്കി ബഹു. കോടതി മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്മേൽ ബഹു. കോട്ടയം ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി 2 വർഷം കഠിനതടവിനും 5000/-രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷ വിധിച്ച് പരാമർശം (1) പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം (2) നടപടിക്രമങ്ങൾ പ്രകാരം ശ്രീ. സാംകുട്ടി സി. ലാസിനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ സാഹചര്യത്തിൽ ശ്രീ. സാംകുട്ടി സി. ലാസിനെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മണർകാട് ഗ്രാമപഞ്ചായത്ത് ക്ലാർക്കായിരുന്ന ശ്രീ. സാംകുട്ടി സി. ലാസിനെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ്

നൽകുകയും തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. സാംകുട്ടി സി. ലാസിനെ നേരിൽ കേൾക്കുകയും ചെയ്തിരുന്നു.

തുടർന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ബഹു. കോട്ടയം ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി വിധിക്കെതിരെ ബഹു. കോട്ടയം സെഷൻസ് കോടതി മുമ്പാകെ ശ്രീ. സാംകുട്ടി സി. ലാസ് ഫയൽ ചെയ്ത അപ്പീലിന്മേൽ ബഹു. കോടതി പുറപ്പെടുവിച്ച 10.12.2015ലെ 123/2014 നമ്പർ ഉത്തരവ് പ്രകാരം ശ്രീ. സാംകുട്ടി സി. ലാസിനെ സംശയത്തിന്റെ ആനുകൂല്യം നൽകി കുറ്റവിമുക്തനാക്കിയിട്ടുള്ളതായും ടിയാൻ 16.03.2015 മുതൽ സസ്പെൻഷനിൽ തുടരുകയാണെന്നും 31.12.2016 വരെയുള്ള ഉപജീവനബത്ത ടിയാന് വിതരണം ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറുടെ 13.07.1995-ലെ ഇ1-5803/1994 നമ്പർ ഉത്തരവ് പ്രകാരം ആശ്രിതനിയമനം വഴിയാണ് ടിയാനെ നിയമിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസി.എസ്.(സിസി&എ) ചട്ടം 18-ന്റെ പ്രോവിസോ പ്രകാരം ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടാൽ നടപടിക്രമങ്ങൾ പാലിച്ച് സർവീസിൽ നിന്നും പുറത്താക്കണമെന്നും, എന്നാൽ അപ്പീൽ കോടതിയിൽ വെറുതെ വിടുകയാണെങ്കിൽ സർവീസിൽ ഉണ്ടായിരുന്നെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരുന്നോ ആ ആനുകൂല്യങ്ങളെല്ലാം നൽകി തിരിച്ചെടുക്കണമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ നികുതി പിരിവിലൂടെ ലഭിച്ച 11,837/- രൂപ തിരിച്ചടയ്ക്കാൻ സന്നദ്ധനാണെന്ന് ശ്രീ. സാംകുട്ടി സി. ലാസ് നേരിൽ കേട്ടപ്പോൾ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 11,837/- രൂപ പഞ്ചായത്തിൽ തിരിച്ചടക്കാൻ ശ്രീ. സാംകുട്ടി. സി. ലാസിന് നിർദ്ദേശിച്ചുകൊണ്ട് മണർകാട് ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കായിരുന്ന ശ്രീ. സാംകുട്ടി സി. ലാസിനെ അടിയന്തരമായി സേവനത്തിൽ പുനഃപ്രവേശിപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ. സാംകുട്ടി സി. ലാസ്, മുൻ ക്ലാർക്ക്, മണർകാട് ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

6. ധനകാര്യ വകുപ്പ് (യു.ഒ. റിമാർക്ക് നം.ഡെവ.1/14/2019/ധന. തീയതി 12.03.2019 പ്രകാരം)

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/608/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ